തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

ഇല്ല. നിലവിലുള്ള നയം തുടരും.

കെ. എസ്. ആർ. ടി. സി. യിലെ സ്റ്റാഫ്-ബസ് അനുപാതം

* 80. [81] ശ്രീ. കെ.കൃഷ്ണൻകുട്ടി :
,, എ. കെ. ശശീന്ദ്രൻ :
,, ആർ. എസ്. ഉണ്ണി :
,, പി. വിജയദാസ് :
,, കെ. ശങ്കരനാരായണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ ഇപ്പോൾ സ്റ്റാഫ്-ബസ് അനുപാതം എത്രയാണ് ;

(ബി) ഇത് 1982-ൽ എത്ര ആയിരുന്നു ;

(സി) ജീവനക്കാരുടെ എണ്ണം കുറച്ചതുമൂലം കെ. എസ്. ആർ. ടി. സി. ക്ക് എന്തു ലാഭം ഉണ്ടായിട്ടുണ്ട് ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) 10.21
(ബി) 9.86
(സി) ചോദ്യം ഉദിക്കുന്നില്ല.

ആർ.എൽ.ഇ.ജി.പി. വഴി പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് നൽകുന്ന ധനസഹായം

* 81. [82] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
,, എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, പി. കുമാരൻ :
ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. എൽ. ഇ. ജി. പി. വഴി പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിന് നൽകി വരുന്ന തുക എത്രയാണ് ;

(ബി) വീടു വയ്ക്കുന്നതിനുള്ള സാധന സാമഗ്രികളുടെ വിലക്കയറ്റം മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ ഈ തുക വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) വീട്, കക്കൂസ്, കുളിമുറി തുടങ്ങിയവയ്ക്കുവേണ്ടി രൂപ 7800; വീടുമായി ബന്ധപ്പെട്ട കോളനിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുതകുന്ന കിണർ, റോഡ് തുടങ്ങിയവയുടെ നിർമ്മാണത്തിനു വേണ്ടി രൂപ 3,000 ചേർത്ത് രൂപ 10,800.

(ബി) മേൽപ്പറഞ്ഞ തുകയ്ക്കകത്ത് തീരത്തക്കവണ്ണമാണ് വീടിന്റെ രൂപകൽപ്പന. ഏതാണ്ടൊരുവിധം ഭംഗിയായി ഈ തുക കൊണ്ട് വീടു നിർമ്മാണം പൂർത്തിയാക്കാം. കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ചാണ് ഈ തുക നിശ്ചയിച്ചിട്ടുള്ളത്. അതു മാറ്റാൻ സംസ്ഥാന ഗവൺമെന്റിന് അവകാശമില്ല.

LIBRARY ARCHIVES Kerala Legislative Assembly